മാതൃഭൂമി EA

# മത്സ്യമേഖലയെ മെച്ചപ്പെടുത്തുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവരും -മന്ത്രി

**കൊച്ചി:** മത്സ്യമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ. കൊച്ചിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി. എം.എഫ്.ആർ. ഐ.) നടന്ന ഫിഷറീസ് ഗവേഷണ സ്ഥാപന മേധാവികളുമായുള്ള കൂടിയാലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ആറിന് നടന്ന കൂടിയാലോചനാ യോഗത്തിൻെറ തുടർച്ചയായാണ് ചൊവ്വാഴ്ച സി.എം.എഫ്. ആർ.ഐ.യിൽ യോഗം ചേർന്നത്.

യോഗത്തിൽ വിദഗ്ധർ അവതരിപ്പിച്ച നിർദേശങ്ങൾ പരിഗണിച്ച് പ്രവർത്തന പദ്ധതി രൂപപ്പെടുത്തുമെന്ന് മന്ത്രി ഉറപ്പ് നൽകി.

മത്സ്യബന്ധനം, സംരക്ഷണം, സംസ്കരണം, വിപണനം തുടങ്ങി വിവിധ മേഖലകളിൽ നിലവിലുള്ള അനിയന്ത്രിതവും അശാസ്ത്രീയവുമായ രീതികൾക്ക് കടിഞ്ഞാണിടും. മത്സ്യബന്ധനത്തിനുള്ള വലകളുടെ വലിപ്പം, മത്സ്യബന്ധന ദൂരപരിധി, പിടിക്കാവുന്ന മത്സ്യങ്ങളുടെ വലിപ്പം തുടങ്ങിയവ ശാസ്ത്രീയമായി നിശ്ചയിക്കും -മന്ത്രി പറഞ്ഞു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഫിഷറീസ് ഡയറക്ടർ മിനി ആൻറണി, സി. ഐ.എഫ്.ടി. ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ, സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ. സത്യവതി എന്നിവർ സംബന്ധിച്ചു.

എം.പി.ഇ.ഡി.എ., സിഫ്നെറ്റ്, നിഫാറ്റ്, എഫ്.എസ്. ഐ., എൻ.ബി.എഫ്.ജി. ആർ, സിഫ്റി, സി.എം.എൽ. ആർ.ഇ., ഇ.ഐ.എ. എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു.